ക്കത്തിൽ കാടും പടലും തല്ലി സമയം കളയാതെ, കഴിയുംവേഗം കാര്യത്തിലേക്കു കടക്കണമെന്നതാണ് ശ്രദ്ധിക്കേണ്ട മൂന്നാമത്തെ സംഗതി.

മറുവശത്തു് 'ഹലോ!' കേട്ടാൽ, സ്വരത്തിൽനിന്നു് ആളെ മനസ്സിലായില്ലെങ്കിൽ, നിങ്ങൾ സ്വയം പരിചയപ്പെടുത്തുക. ഉടനെ മറേറ ആളും ഇതുചെയ്യും. കിട്ടിയതു ശരിയായ ആളെ അല്ലെങ്കിൽ 'സോറി' പറഞ്ഞു സംഭാഷണം അവസാനിപ്പിക്കുക. ആവശ്യമില്ലാത്ത അന്വേഷണങ്ങൾക്കു മിനക്കെടാതിരിക്കുക.

ടെലിഫോൺ—ദൂരഭാഷ—ഒരു സൗമ്യമായ ഉപകരണമാണ്. 'സ്ത്രൈണമായ' എന്നുകൂടി പറയാം. അതിനോടു തട്ടിക്കയറാതിരിക്കുക. സൗമ്യമായി മാത്രം അതിനോടു് പെരുമാറുക. ചിരിച്ചുകൊണ്ടുമാത്രം അതിനോടു സംസാരിക്കുക.

ഉറങ്ങുന്ന കുട്ടി ഉണർന്നു കരഞ്ഞുതുടങ്ങിയാൽ അമ്മ ഓടിച്ചെന്നു് എടുത്തു് ഉമ്മകൊടുത്തും താലോലിച്ചും അതിനെ സമാധാനിപ്പിക്കുന്നു. കുഞ്ഞിനോടു് അമ്മ പെരുമാറുന്ന അതേ രീതിയിൽ നിങ്ങളുടെ ടെലിഫോണിനോടു നിങ്ങൾ പെരുമാറുക.

കടംകഥ:
അമ്മു കരഞ്ഞു.
അമ്മയെടുത്തു.
ഉമ്മകൊടുത്തു.
അമ്മു ചിരിച്ചു.
ആരാണ് ഈ അമ്മു?
ഉത്തരം:
ടെലിഫോൺ!

(12 മേയ്, 1985)

# 50. ജീവിക്കുന്ന തമിഴ് സംസ്കാരം

ഹിന്ദി, ഉർദു, തമിഴ് എന്ന മൂന്നു് ഇന്ത്യൻ ഭാഷകളടക്കം ഇരുപത്തേഴു ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ഒരു സാംസ്കാരികമാസികയാണ് 'യുനെസ്കോ കൂരിയർ. 'ജീവിക്കുന്ന തമിഴ്സംസ്കാര'ത്തെപ്പററി സാമാന്യബോധം ലോകമെങ്ങുമുള്ള വായനക്കാരിൽ ഉളവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'യുനെസ്കോ കൂരിയരി'ന്റെ 1984 മെയ്മാസത്തിലെ ലക്കം തയ്യാറാക്കപ്പെട്ടിട്ടുള്ളതു്.

ചിരപുരാതനമെങ്കിലും ഇന്നും സജീവമാണ് തമിഴ്സംസ്കാരം. മനുഷ്യവർഗം ആദ്യമായി ആവിർഭവിച്ചതു് കിഴക്കേ ആഫ്രിക്കയിലായിരിക്കാമെന്നു് മനുഷ്യവിജ്ഞാനികൾ (ആന്ത്രോപ്പോളജിസ്റ്റുകൾ) കരുതുന്നു. കിഴക്കേ ആഫ്രിക്കയും ഇന്ത്യാഉപഭൂഖണ്ഡവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടു് ലെമൂരിയ' എന്ന ഒരു ഭൂവിഭാഗം ഉണ്ടായിരുന്നതായും, അതു പിൽക്കാലത്തു് കടലിൽ താണുപോയതായും ഇന്നു് ഏറെക്കുറെ പരക്കെ വിശ്വസിക്കപ്പെടുന്നുണ്ടു്. ഈ വിശ്വാസത്തിൽ കഴമ്പുണ്ടെങ്കിൽ, കിഴക്കേ ആഫ്രിക്കയും തെക്കേ ഇന്ത്യയും ഉൾപ്പെട്ടിരുന്ന ഭൂവിഭാഗമാണ് മനുഷ്യവർഗത്തിന്റെ പിള്ളത്തൊട്ടിൽ. 'മനുഷ്യവർഗം ഈ പ്രദേശത്താണ് പിറന്നതെന്ന വിശ്വാസം ഇസ്ലാമികവിശ്വാസത്തോടു് പൊരുത്തപ്പെടുന്നുണ്ടു്. ഇസ്ലാമിക വിശ്വാസപ്രകാരം മനുഷ്യവർഗത്തിന്റെ ആദിപിതാ

വായ ആദം ഇന്ത്യയിലാണ് പിറന്നത്; ആദിമാതാവായ ഹവ്വാ തെക്കെ അറേബിയയിൽ പിറന്നവളത്രെ. 'അത്തൻ' എന്ന തമിഴ്‌വാക്കിന് പിതാവ് എന്നാണ് അർത്ഥം. കന്നടത്തിൽ 'അവ്വ' എന്ന വാക്കിന് അർത്ഥം അമ്മ എന്നാകുന്നു. തമിഴിലെ 'ഔവൈ' കടകിലെ 'അവ്വ' എന്നീ വാക്കുകൾക്കും അതേ അർത്ഥമാണ്'' എന്നു സെനഗലിന്റെ മുൻപ്രസിഡണ്ടായിരുന്ന സെൻഘോർ പ്രസ്താവിച്ചിട്ടുള്ളത് 'കൂരിയറി'ന്റെ ഈ ലക്കത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. സഹസ്രാബ്ദങ്ങളിലൂടെ തഴച്ചു വളർന്ന തമിഴ്‌സംസ്കാരം സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് ഇക്കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കകം ത്വരിതമായ പരിവർത്തനത്തിനു വിധേയമായിട്ടുണ്ട്. പാരമ്പര്യത്തോടൊപ്പം തമിഴ്‌സംസ്‌കാരത്തിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുംകൂടി ലോകവായനക്കാർക്കുവേണ്ടി സാമാന്യമായി ചിത്രീകരിക്കുന്നതിൽ 'കൂരിയ'റിന്റെ ഈ ലക്കം ഗണ്യമായ വിജയം കൈവരിച്ചിരിക്കുന്നു.

നാലുകോടി എൺപതു ലക്ഷത്തോളം ജനങ്ങൾ പാർക്കുന്ന തമിഴ്‌നാട്ടിൽ മൂന്നരക്കോടിയോളം ആളുകളുടെ മാതൃഭാഷ തമിഴാണ്. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിൽ എഴുപത്തഞ്ചു ലക്ഷത്തോളം ആളുകൾ തമിഴ് സംസാരിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. ശ്രീലങ്ക, ബർമ്മ, മലേഷ്യ, ഇൻഡോനേഷ്യ, കിഴക്കും തെക്കും ആഫ്രിക്ക, ഇന്ത്യാസമുദ്രത്തിലും ദക്ഷിണപസഫിക്കിലും കരീബിയൻ കടലിലുമുള്ള ദ്വീപുകൾ മുതലായ സ്ഥലങ്ങളിൽ നാല്പതു ലക്ഷത്തോളം തമിഴർ പാർക്കുന്നു. ക്രിസ്തു പിറക്കുന്നതിന് ആയിരത്താണ്ടുകൾമുമ്പും ആര്യജനതയുടെ കുടിയേറിപ്പാർപ്പ് ആരംഭിക്കുന്ന കാലത്ത് ഇന്ത്യയിൽ വ്യാപിച്ചിരുന്ന ദ്രാവിഡസംസ്‌കാരത്തിന്റെ ഇടമുറിവില്ലാത്ത പിന്തുടർച്ച തമിഴർ അവകാശപ്പെടുന്നു.

'തമിഴ്‌സംസ്‌കാരം' എന്നു കേൾക്കുമ്പോൾ പലരുടെയും മനസ്സിൽ ഉദിക്കുന്ന ചിത്രം കാഞ്ചീപുരത്തിലെയും തഞ്ചാവൂരിലെയും മധുരയിലെയും, അതുപോലെ മററനേകം പുണ്യസ്ഥലങ്ങളിലെയും, ഗംഭീരാകാരങ്ങളായ ക്ഷേത്രഗോപുരങ്ങളുടേതാണ്. മററു ചിലരെസ്സംബന്ധിച്ചിടത്തോളം ആ വാക്ക് കർണ്ണാടകസംഗീതവും ഭരതനാട്യവുമായി ബന്ധപ്പെട്ട സ്മരണകൾ ഉണർത്തുന്നു. ചിലർക്ക് തമിഴ്‌സംസ്‌കാരത്തിന്റെ കാതലായ അംശം സംഘസാഹിത്യവും തിരുക്കുറളും പന്തിരുതിരുമുറകളും നാലായിരം ദിവ്യപ്രബന്ധവും മററുമാണ്. ഇഡ്ഡലിയും സാമ്പാറുമാണ് സമകാല തമിഴ്‌സംസ്‌കാരത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതെന്നു കരുതുന്നവരും കുറവല്ല. ഇവയെല്ലാം തമിഴ്‌സംസ്‌കാരത്തിന്റെ പ്രമുഖ ഘടകങ്ങൾതന്നെ.

ഇന്ത്യയിൽ സാക്ഷരത താരതമ്യേന അധികമുള്ള ഒരു സംസ്ഥാനമാണ് തമിഴ്‌നാട്. വായനശീലം തമിഴ്‌നാട്ടിൽ വളർന്നുവന്നിരിക്കുന്നു. തമിഴ്‌നാട്ടിൽ പതിനഞ്ചു വയസ്സിനുമേലെയുള്ളവരിൽ നാല്പത്തിരണ്ടു ശതമാനംപേർ ദിനപ്പത്രങ്ങളും നാല്പത്തിയാറു ശതമാനംപേർ വാരികകളും വായിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ദിനപ്പത്രങ്ങൾ, വാരികകൾ എന്നിവയെക്കാൾ കൂടുതൽ സ്വാധീനം തമിഴ്‌ചേതനയിൽ ചെലുത്തുന്നത് സിനിമയാണ്. ഇന്ത്യയിൽ ആകെയുള്ള തിയേററുകളിൽ ആറിലൊരുഭാഗം തമിഴ്‌നാട്ടിലാണത്രെ. സിനിമയുടെ പ്രചാരത്തിന്റെ ഒരു ഫലമാണ് തമിഴ്‌നാട്ടിലാകെ പ്രകടമായ 'പോസ്റ്റർ സംസ്‌കാരം.' ആശയവിനിമയത്തിൽ, തമിഴ്‌നാട്ടിൽ ഒന്നാം സ്ഥാനം ഇന്നു ചുവർപ്പരസ്യങ്ങൾക്കാകുന്നു. ഈയിടെയായി ടെലിവിഷൻ തമിഴ്‌നാടിന്റെ മുഖ്യവിനോദോപാധിയായിത്തീർന്നിട്ടുണ്ട്. പക്ഷേ,

ടെലിവിഷനിൽ ഏറിയകൂറും പ്രദർശിപ്പിക്കപ്പെടുന്നതു് സിനിമാപ്പടങ്ങൾ തന്നെയാണു്.

വിദ്യുച്ഛക്തി തമിഴ്നാട്ടിൽ മിക്കവാറും എല്ലാ ഗ്രാമങ്ങളിലും ചെന്നെത്തിയിട്ടുണ്ടു്. നിരത്തുകളോ തീവണ്ടിപ്പാതയോ ചെന്നെത്താത്ത സ്ഥലങ്ങൾ ചുരുക്കമാണു്. എവിടെയും പോയി എന്തു പണിയുമെടുക്കാൻ തമിഴർക്കു മടിയില്ല. അതിനാൽ, തമിഴ്നാട്ടിൽ വ്യവസായവല്ക്കരണം ത്വരിതഗതിയിൽ മുന്നേറിക്കൊണ്ടിരുന്നു. സിമൻറ്, വളം, മോട്ടോർകാർ, ഖനികൾ, എണ്ണസംസ്കരണം മുതലായ പല മുഖ്യവ്യവസായങ്ങളും തമിഴ്നാട്ടിൽ വേരൂന്നിക്കഴിഞ്ഞിട്ടുണ്ടു്. പരുത്തിത്തുണിവ്യവസായം, തോൽവ്യവസായം എന്നിവയിൽ തമിഴ്നാടു് ഇന്ത്യയിൽ മുന്നിട്ടുനില്ക്കുന്നു. രണ്ടു തുറമുഖങ്ങൾ തമിഴ്നാടിന്റെ കയററിറക്കുമതിവ്യാപാരത്തിനു് ധാരാളം മതിയാവും. തീവണ്ടി—ലോറി ഗതാഗതം തമിഴ്നാട്ടിൽ വളരെ അഭിവൃദ്ധി നേടിയിരിക്കുന്നു. നടുത്തരം—ചെറുതരം തൊഴിലുകൾക്കും ഗണ്യമായ പ്രോത്സാഹനം അവിടെ നൽകപ്പെടുന്നു. അതേസമയം കൽപ്പാക്കം അണുവൈദ്യുതിനിലയം തമിഴ്നാട്ടിന്റെ ഭാവിവ്യാവസായിക വളർച്ചയിലേക്കുള്ള ചൂണ്ടുപലകയായി കണക്കാക്കപ്പെടുന്നു

തമിഴ്നാട്ടിൽ ജലക്ഷാമം പൊതുവെയുണ്ടു്. എന്നിട്ടും കാർഷികരംഗത്തു വന്നുചേർന്നിട്ടുള്ള പുരോഗതി അത്ഭുതാവഹമാകുന്നു. സാർവത്രികമായ സമൃദ്ധിയുടെ ഫലമായി തമിഴ്ഗ്രാമീണജീവിതം തിരിച്ചറിയാൻ കഴിയാത്തവിധം മാറിക്കൊണ്ടിരിക്കുകയാണു്. നഗരവല്ക്കരണവും, അതിൽനിന്നുളവാകുന്ന പ്രശ്നങ്ങളും എങ്ങും കാണാം.

മതം ഇപ്പോഴും തമിഴരുടെ സമൂഹജീവിതത്തിൽ ശക്തിയേറിയ ഒരു സ്വാധീനമാകുന്നു. വിദ്യാഭ്യാസം പരക്കുന്നതു്, തമിഴ്നാട്ടിൽ മതഭക്തി കുറയാൻ കാരണമായിട്ടില്ല മാമൂലും പുതുമയും ഒത്തുപോകുന്ന ഒരു രംഗമാണു് തമിഴരുടെ വിവാഹം. ജാതകംനോക്കാതെ നടത്തുന്ന വിവാഹങ്ങൾ തമിഴ്നാട്ടിൽ ഇപ്പോഴും കുറവാണു്. 'പുകഴ്പെററ ഒരു അമേരിക്കൻ സർവകലാശാലയിൽ അണുശക്തിഗവേഷണത്തിൽ ഡോക്ടർബിരുദം നേടിയ ഒരു യുവതമിഴൻ മദ്രാസിലെ ഒരു ഇംഗ്ലീഷ്പത്രത്തിൽ തനിക്കു് ഒരു വധുവിനെ വേണമെന്നു പരസ്യംചെയ്യുന്നു. തന്റെ ജാതി, ഉപജാതി, ഇവ പറഞ്ഞു്, അവയോടു പൊരുത്തമുള്ള ജാതിയിൽ പിറന്നവരും നിശ്ചിത—ഉയരവും അരക്കെട്ടളവും ഉള്ളവരുമായ പെൺകുട്ടികൾ ജാതകസഹിതം വിവരമറിയിക്കണമെന്നാണു് പരസ്യം.' 'ഓപ്പൻഹാർട്ടു് സർജറി നടത്തുന്ന ഡോക്ടർമാർ ആയുധപൂജ (വിജയദശമി) ദിവസം തങ്ങളുടെ സൂക്ഷ്മശസ്ത്രക്രിയയ്ക്കുള്ള ആയുധങ്ങൾ പൂജിച്ചു് അവയിൽ കുങ്കുമപ്പൊട്ടു ചാർത്തുന്നു.' 'ഇടത്തരക്കാരായ സ്ത്രീകൾക്കു് പണച്ചെലവില്ലാതെ മതപ്രചാരയോഗങ്ങളിൽ പങ്കെടുക്കാം. പാണ്ഡിത്യവും പരന്ന വായനയുമുള്ള പൗരാണികർ നിത്യജീവിതത്തോടും സിനിമയോടും രാഷ്ട്രീയത്തോടും ബന്ധപ്പെടുത്തി, പുരാണകഥകൾ സോദാഹരണം വിവരിച്ചു്, ഇന്നലെ മതത്തിനുണ്ടായിരുന്ന ഉയർന്നനിലയും ഇന്നു് അതിനു നേരിട്ട ദുരവസ്ഥയും താരതമ്യപ്പെടുത്തി 'പടംപിടിച്ചു്' കാണിക്കുമ്പോൾ, ശ്രോതാക്കൾ തങ്ങളുടെ ജീവിതനൈരാശ്യങ്ങളെ പുരാണസംഭവങ്ങളുമായി ഇണക്കി കണ്ണീർചൊരിഞ്ഞു് ആശ്വാസംനേടുന്നു.'

ചരിത്രകാലംമുതൽ ഹിന്ദുമതത്തിന്റെ കേന്ദ്രം ക്ഷേത്രമാണല്ലോ. ക്രിസ്തുവർഷം ആറാം നൂററാണ്ടുതൊട്ടു് തമിഴ്നാട്ടിൽ ക്ഷേത്രങ്ങൾ ഉണ്ടായിത്തുടങ്ങി. ക്ഷേത്രങ്ങളുടെ ചരിത്രം, വാസ്തുശില്പം, കലാപരമായ സൗന്ദര്യം, ആഗമശാസ്ത്രാനുസൃതങ്ങളായ ആരാധനാസമ്പ്രദായങ്ങൾ മുതലായവയെ ആഴത്തിൽ വിവരിക്കുന്നതും ശ്രീ ആർ നാഗസ്വാമി എഴുതിയതു

മായ ലേഖനം 'കൂരിയരി'ൻെറ ഈ ലക്കത്തിലെ ഈടുററ ഒരു സമ്പത്താണ്. ഇതോടൊപ്പം, ലോകകലയ്ക്കു തമിഴ്നാട്ടിൻെറ അദ്വിതീയ സംഭാവനയെന്നു പറയാവുന്ന വെങ്കലപ്രതിമകളെപ്പററിയും ഏറെക്കുറെ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. പുരാണേതിഹാസപ്രസിദ്ധരായ ദേവീ–ദേവന്മാരോടൊപ്പം തമിഴർ ഗ്രാമദേവതകളെയും ആരാധിച്ചുവരുന്നു. മധുരയുടെ അടുത്തുള്ള അഴകർകോവിൽ തമിഴ്നാട്ടിലെ പ്രധാനവിഷ്ണുക്ഷേത്രങ്ങളിലൊന്നാണ്. ഇവിടെ വൈഷ്ണവബ്രാഹ്മണർ ആഗമമുറകളനുസരിച്ച് പൂജയനുഷ്ഠിക്കുന്നു. ക്ഷേത്രഗോപുരത്തിനുമുമ്പിൽ 'പതിനെട്ടാംപടിക്കറുപ്പൻ' എന്ന ഗ്രാമദേവത പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അഴകർകോവിലിനെ 'കള്ളർ' എന്ന ജാതിക്കാർ ആക്രമിച്ചപ്പോൾ, അവരോടെതിർത്തു ജീവൻവെടിഞ്ഞ വീരനാണ് കറുപ്പൻ. നാട്ടുകാർക്ക് മുഖ്യക്ഷേത്രത്തിലെ വിഷ്ണുഭഗവാനോടുള്ളതിലേറെ ഭക്തി കറുപ്പനോടാണ്. ഉത്സവക്കാലത്ത് മഹാവിഷ്ണുവിനോടൊപ്പം കറുപ്പനും ആരാധിക്കപ്പെടുന്നു. തമിഴ്നാട്ടിൽ പലേടത്തും ഇതാണ് വഴക്കം. സംസ്കൃതാധിഷ്ഠിതമായ ആഗമിക–ആരാധനയും നാടോടിപ്പൂജയും തമ്മിൽ യാതൊരു വൈരുദ്ധ്യവും തമിഴ്ജനത കാണുന്നില്ല.

തമിഴിലെ പഴയ സാഹിത്യത്തെയും പുതിയ സാഹിത്യത്തെയും കുറിച്ചുള്ള ലേഖനങ്ങൾ 'കൂരിയരി'ൻെറ ഈ ലക്കത്തിലുണ്ട്. ശ്രദ്ധേയമായ മറെറാരു ലേഖനം തമിഴ്നാട്ടിലെ സ്ത്രീകളെപ്പററിയാണ്. 'എത്രയോ മാററങ്ങൾ വന്നുചേർന്നിട്ടുണ്ടെങ്കിലും, സ്ത്രീകൾ മുമ്പു ചെയ്തുവന്ന പണികൾ മറയുകയോ മാറുകയോ ചെയ്തിട്ടില്ല. സമകാല തമിഴ്സാഹിത്യത്തിലും സംജ്ഞാപന (കമ്യൂണിക്കേഷൻ) മാദ്ധ്യമങ്ങളിലും പഴക്കവഴക്കങ്ങളിലും പഴയതുപോലെ പതിവ്രതകളായ ഗൃഹിണികളും സ്നേഹാർദ്രകളായ അമ്മമാരുമായാണ് സ്ത്രീകൾ പ്രത്യക്ഷപ്പെടുന്നത്. പുറമെനിന്നു നോക്കുമ്പോൾ 'പരിഷ്കൃതകളായി ചിത്രീകരിക്കപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾകൂടി, കഥയിൽ ഏതെങ്കിലും ചില സന്ദർഭങ്ങളിൽ, തങ്ങളുടെ ചേതനയിൽ മറഞ്ഞുകിടക്കുന്ന ആശാസ്യങ്ങളായ പാരമ്പര്യ ഗുണങ്ങൾ പരിഷ്കാരത്തിൻഫലമായി നഷ്ടപ്പെട്ടുപോയിട്ടില്ല എന്ന് പെരുമാററത്തിലൂടെ തെളിയിക്കുന്നു. പാരമ്പര്യത്തിൻെറ ദൃഢബന്ധനങ്ങൾ അറുത്തെറിയുന്ന സ്ത്രീകൾ തന്മൂലം കഠിനശിക്ഷകൾ അനുഭവിക്കേണ്ടിവരുന്നതായും ചിത്രീകരിക്കപ്പെടുന്നു; വാണിജ്യപ്രധാനങ്ങളായ വാർത്താവിതരണ മാദ്ധ്യമങ്ങൾപോലും സ്ത്രീകളുടെ പാരമ്പര്യത്തെ 'നല്ലതാ'യും പുത്തൻ പരിഷ്കാരരൂപത്തെ 'ചീത്ത'യായുമാണ് ചിത്രീകരിക്കുന്നത്. ചീത്തയെ നല്ലതു് കീഴടക്കുമെന്ന സന്ദേശവും അവ നൽകുന്നു.... ഭയപ്പെടാനെന്നപോലെ ആശിക്കാനും ഇന്നത്തെ തമിഴ്സ്ത്രീകൾക്ക് ധാരാളം കാരണങ്ങളുണ്ട്. തമിഴ്സ്ത്രീകൾ ഇന്ന് ഒരു വഴിത്തിരിവിലാണ് നിലകൊള്ളുന്നത്.'

തമിഴ്സംസ്കാരത്തിൻെറ വ്യത്യസ്തഘട്ടങ്ങളെ പ്രതിനിധാനംചെയ്യുന്ന ധാരാളം ചിത്രങ്ങളാണ് ഈ ലക്കത്തിൻെറ മറെറാരു ആകർഷകത.

ചുരുക്കത്തിൽ, ചരിത്രത്തിൻെറ നിർണായകമായ ഒരു ദശാസന്ധിയിൽ ഭൂതകാലപാരമ്പര്യങ്ങൾ തികച്ചും കൈവിടാതെ, ഭാവിയിലേക്കു പ്രതീക്ഷയോടെ മുന്നേറുന്ന, തികച്ചും ക്രിയാശീലമായ, ഒരു ജനതയുടെ ചിത്രമാണ് 'യുനെസ്കോ കൂരിയരി'ൻെറ 1984 മെയ്മാസത്തിലെ ലക്കം നൽകുന്നത്. തമിഴരെപ്പററി പറയുന്നത്, അല്പസ്വല്പം വ്യത്യാസത്തോടെ, ഇന്ത്യയിലെ മററു ദേശീയ ജനവിഭാഗങ്ങൾക്കും ബാധകമാണ്. നാണക്കേടും അമ്പരപ്പും ആശങ്കയും ഉളവാക്കുന്ന പലതും സമകാല ഭാരതീയജീവിതത്തിലുണ്ടെങ്കിലും, അഭിമാനത്തിനും ആശയ്ക്കും

ആയും ധാരാളം വക നൽകാതിരിക്കുന്നില്ല എന്നു് 'ജീവിക്കുന്ന തമിഴ്സംസ്കാര'ത്തെ ചിത്രീകരിക്കുന്ന കൂരിയറിന്റെ ഈ ലക്കം വിളംബരം ചെയ്യുന്നു. തമിഴ്നാട്ടിന്റെയെന്നപോലെ കേരളത്തിന്റെയും സവിശേഷശ്രദ്ധ ഈ ലക്കത്തിൽ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(4 ജൂൺ, 1984)

# 51. മി. ജിന്നയുടെ മതം

പാകിസ്ഥാൻ എന്ന ഇസ്ലാമിക രാഷ്ട്രത്തിന്റെ സ്ഥാപകനായ മി. മുഹമ്മദലി ജിന്നയുടെ മതം എന്താണു്?

ഇങ്ങനെ ഒരു സംശയം മി. ജിന്നയുടെ ജീവിതകാലത്തു് ഉന്നയിക്കപ്പെട്ടിരുന്നില്ല. പക്ഷേ, മി. ജിന്നയുടെ മരണശേഷം അദ്ദേഹത്തിന്റെ മതം തർക്കവിഷയമായി; പ്രശ്നം കോടതിയിലുമെത്തി.

കേസ്സിന്റെ അടിയിലുണ്ടായിരുന്നതെന്തെന്നോ? പണം. അല്ലാതെന്തു്?

മി. ജിന്നയുടെയും അദ്ദേഹത്തിന്റെ സഹോദരി മിസ് ഫാത്തിമ ജിന്നയുടെയും സ്വത്തിന്മേലുള്ള അവകാശം ആർക്കാണു്? ജിന്നാസഹോദരരുടെ പിതാവിന്റെ താവഴിയിൽപ്പെട്ട അനന്തിരവനായ ഹുസൈൻ ജിവാൽജി എന്ന ഒരാൾ, മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കളുടെ കൈകാര്യകർത്തൃത്വം തനിക്കു കിട്ടണമെന്നു് അവകാശപ്പെട്ടുകൊണ്ടു് 1971-ൽ സിന്ധ് സംസ്ഥാനത്തിലെ ഹൈക്കോടതിയിൽ ഒരു കേസ്സ് കൊടുത്തു.

ഇസ്ലാമിൽ സുന്നികൾ എന്നും ഷിയകൾ എന്നും രണ്ടു മുഖ്യ വിഭാഗങ്ങളുണ്ടല്ലോ. ഈ രണ്ടു വിഭാഗക്കാരുടെയും സ്വത്തവകാശം സംബന്ധിച്ച നിയമങ്ങൾ വ്യത്യസ്തങ്ങളാണു്. ജിന്നമാർ ഷിയ വിഭാഗത്തിൽപ്പെട്ടവരായിരുന്നെങ്കിൽ, മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കളുടെ കൈകർത്തൃത്വം, നിയമപ്രകാരം മി. ജിന്നയുടെ മറ്റൊരു സഹോദരിയായ ഷിരീൻ ജിന്നയ്ക്കു കിട്ടും. ജിന്നമാർ സുന്നികളായിരുന്നെങ്കിൽ, ആ അവകാശം ചെന്നുചേരുക മി. ഹുസൈൻ ജിവാൻജിയിലാണു്. മി. മുഹമ്മദലി ജിന്നയും മിസ് ഫാത്തിമ ജിന്നയും സുന്നികളായിരുന്നുവെന്നും, അതിനാൽ, മിസ് ഫാത്തിമ ജിന്നയുടെ മരണശേഷം അവരുടെ സ്വത്തുക്കളിൽ അവകാശം തനിക്കാണെന്നും സ്ഥാപിച്ചുകിട്ടുകയായിരുന്നു ഹുസൈൻ ജിവാൽജിയുടെ ആവശ്യം.

കേസ് കറാച്ചിയിലെ ഹൈക്കോടതിയിൽ അഞ്ചു വർഷത്തോളം നടന്നു. മി. ജിന്നയുടെ സഹപ്രവർത്തകരായിരുന്ന പല പ്രമുഖ പാകിസ്ഥാനി നേതാക്കളുടെയും സാക്ഷ്യമൊഴികൾ രേഖപ്പെടുത്തപ്പെട്ടു. ഒടുവിൽ, മി. ജിന്നയും സഹോദരി മിസ് ഫാത്തിമ ജിന്നയും ഷിയകളായിരുന്നു എന്നു്, 1976-ൽ, കറാച്ചി ഹൈക്കോടതിയിൽ ഒരു ജഡ്ജിയായിരുന്ന മി. സഫർ ഹുസൈൻ മിർസ വിധിച്ചു. അതിനാൽ മിസ് ഫാത്തിമ ജിന്നയുടെ സ്വത്തുക്കൾ ചെന്നുചേരുക, ഷിരീൻ ജിന്ന സ്ഥാപിച്ച മെഡിക്കൽ ട്രസ്റ്റിലാണു്.

ഈ വിധിക്കെതിരെ മി. ഹുസൈൻ ജിവാൽജി സിന്ധ്ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ബോധിപ്പിച്ചു. ചീഫ് ജസ്റ്റിസ് അബ്ദുൽ ഹാദി കുറൈഷി, ജസ്റ്റിസ് അബ്ദുർ റസാക്ക്